**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1721** **13-02-2025 - ൽ മറുപടിയ്ക്ക്**

**അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ കോഴ്സിന് അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ എം.എ. (ഇക്കണോമിക്സ്) ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സിന് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരമുണ്ടോ; യൂണിവേഴ്സിറ്റി തിരിച്ച് വിശദമാക്കാമോ; | (എ) | 2015-16 അധ്യായന വർഷത്തിന് മുൻപ് അഡ്മിഷൻ എടുത്ത് പാസ്സായിട്ടുള്ള അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ എം.എ. (ഇക്കണോമിക്സ്) ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സിന് കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നീ സർവ്വകലാശാലകളുടെ അംഗീകാരമുണ്ട്. |
| (ബി) | പ്രസ്തുത കോഴ്സിന് സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരം മുൻപ് ഉണ്ടായിരുന്നോ; ഏതു വർഷം വരെയാണ് അംഗീകാരം ഉണ്ടായിരുന്നത്; വിശദമാക്കാമോ; | (ബി) | പ്രസ്തുത കോഴ്സിന് 2014-2015 അധ്യയന വർഷം വരെ അംഗീകാരമുണ്ടായിരുന്നു. |
| (സി) | പ്രസ്തുത കോഴ്സിന്റെ അംഗീകാരം ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | യു.ജി.സി യുടെ 25.03.2022 തീയതിയിലെ F.No.1-2/2015(DEB-III) നമ്പർ പബ്ലിക് നോട്ടീസ് പ്രകാരം അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ 2015-16 അധ്യയനവർഷം മുതലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സുകളുടെ അംഗീകാരം നിർത്തലാക്കിയിട്ടുണ്ട്. അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മുഖേനയുള്ള ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് യു.ജി.സി-യുടെ അന്തിമ തീരുമാനം വരുന്ന മുറക്കുമാത്രമേ പ്രസ്തുത കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച വിഷയത്തിൽ സർവ്വകലാശാലകൾക്ക് തുടർ നടപടി സ്വീകരിക്കാനാകൂ. |

സെക്ഷൻ ഓഫീസർ